

മേലെചെമ്മണ്ണാർ പാടശേഖരത്തിലെ അക്ഷയ നെൽക്കൃഷിയുടെ ആദ്യ വിളവെടുപ്പ്

# പ്രതീക്ഷ കാത്തു ; പുതിയ ഇനം നെൽവിത്തിന് നൂറു മേനി വിളവ്

രാജകുമാരി ● നെൽ കർഷകർക്ക് പ്രതീക്ഷ നൽകുന്ന അക്ഷയ ഇനം നെല്ലിന്റെ ആദ്യ വിളവെടുപ്പിൽ നൂറു മേനി വിളവ്. പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രത്തിൽ വികസിപ്പിച്ചെടുത്ത അക്ഷയ നെൽവിത്ത് ശാന്തൻപാറ ഐസിഎആർ കൃഷി വിജ്ഞാൻ കേന്ദ്രത്തിന്റെ സഹായത്തോടെ ആണ് നവധാര കർഷക കൂട്ടായ്മയുടെ നേതൃത്വത്തിൽ സേനാപതി മേലെ ചെമ്മണ്ണാർ പാടശേഖരത്തിൽ കൃഷി ചെയ്തത്.

തരിശായി കിടന്ന രണ്ട് ഹെക്ടർ വയലിൽ ആണ് അക്ഷയ വിത്ത് ഇറക്കിയത്. കാലാവസ്ഥ വ്യതിയാനവും ജല ദൗർലഭ്യവും മൂലം ഹൈറേഞ്ചിലെ കർഷകർ നെൽ കൃഷി ഉപേക്ഷിക്കുന്നത് പതിവായതോടെ ആണ് പുതിയ ഇനം നെൽ വിത്തുമായി കൃഷി വിജ്ഞാൻ കേന്ദ്രം രംഗത്തു വന്നത്.

വിത്തിനൊപ്പം വളവും നൽകിയത് കൃഷി വിജ്ഞാൻ കേന്ദ്രം ആണ്. കൃഷി വിജ്ഞാൻ കേന്ദ്രത്തിലെ ശാസ്ത്രജ്ഞരുടെ മാർഗ നിർദേശ പ്രകാരം ആണ് കൃഷി പരിപാലനം നടത്തിയത്. തണ്ടുതുരപ്പൻ, ഓലചുരുട്ടി പുഴു എന്നിവയെ ചെറുക്കാനും ജല ദൗർലഭ്യത്തെ അതിജീവിക്കാനും അക്ഷയ നെല്ല് ഇനത്തിന് കഴിവുണ്ട് എന്നാണ് വിദഗ്ധർ പറയുന്നത്. ഹൈറേഞ്ചിൽ ആദ്യമായി അക്ഷയ നെല്ല് കൃഷി ചെയ്തത് വൻ വിജയമായതോടെ ജില്ലയിലെ മറ്റ് പാടശേഖരങ്ങളിലും വിത്ത് എത്തിച്ചു നൽകാനുള്ള തയാറെടുപ്പിലാണ് കൃഷി വിജ്ഞാൻ കേന്ദ്രം അധികൃതർ